LIBRARY ARCHIVES Kerala Legislative Assembly

ഹൈഡ്രോസംഫോറിന്റെ വിതരണം

* 157. [581] ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

ടി. സി. സി. യിലെ ഹൈഡ്രോസൽഫോറിന്റെ വിതരണത്തെ സംബന്ധിച്ച് ടി. സി. സി. മാനേജിംഗ് ഡയറക്ടരുടെയും, മാർക്കറ്റിംഗ് മാനേജരുടെയും ഒരു ഡസ്കർക്കുടിയായ ശ്രീ. എം. കെ. കെ. നായരുടെയും പരസ്പരം പൊരുത്തമില്ലാത്ത എഴുത്തുകുത്തുകളും കേരളകൗമുദി പത്രത്തിൽ വന്നതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

ഇതിനെസംബന്ധിച്ച വിവരങ്ങൾ കമ്പനിയുടെ ഡയറക്ടർബോർഡ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

പുതിയ പഞ്ചായത്തുകൾ

* 158. [582] ശ്രീ. വി. കുട്ടികൃഷ്ണൻ നായർ
,, കെ. ഐ. രാജൻ
,, എം. കെ. ദിവാകരൻ
,, പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യവികസനവുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ പഞ്ചായത്തുകൾ എന്നത്തേക്ക് നിലവിൽ വരുമെന്ന് കൃത്യമായി പറയുമോ ;

(ബി) തിരഞ്ഞെടുപ്പിനു മുമ്പായി പഞ്ചായത്തു ഡീലിമിറ്റേഷൻ നടത്തുമോ ;

(സി) വോട്ടർ പട്ടിക പുതുക്കുകയോ, എന്യുമറേഷൻ നടത്തുകയോ ചെയ്യാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പഞ്ചായത്തു തിരഞ്ഞെടുപ്പിനു മുമ്പായി പുനഃസംഘടിപ്പിക്കപ്പെട്ട താലൂക്കുകൾ ബ്ലോക്കുകൾ എന്നിവ നിലവിൽ വരുമോ ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി):

(എ) 1970–ജനുവരി–1–ാം തീയതി നിലവിൽ വരണം എന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) പഞ്ചായത്തു പുനഃസംഘടിപ്പിക്കുന്നതിനു കിട്ടിയിട്ടുള്ള നിവേദനങ്ങൾ പരിഗണിച്ച് തിരഞ്ഞെടുപ്പിനു മുമ്പായി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.

(സി) ഗവണ്മെന്റു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) താലൂക്കുകളുടെയും ബ്ലോക്കുകളുടെയും പുനഃസംഘടന പഞ്ചായത്തു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയമല്ല.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ : താലൂക്കു പുനഃസംഘടന പഞ്ചായത്തു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയമല്ലെങ്കിലും എന്നത്തേയ്ക്ക് നിലവിൽ വരുമെന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി : അതു കൂടിയാലോചിച്ച ശേഷമേ മറുപടി പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. എ. രാജൻ : ചില പഞ്ചായത്തുകളിൽ ഹരിജനങ്ങൾക്കു റിസർവേഷൻ വാർഡ് വച്ചിട്ടില്ല എന്നുള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആ പരാതി പരിശോധിച്ചു നോക്കിയിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി : അതിന്റെ പരിശോധനകളെല്ലാം നടത്തിക്കൊണ്ടിരിക്കുകയാണു്. അടുത്തുതന്നെ തീരുമാനം എടുക്കുന്നതാണു്.

ശ്രീ. എം. കെ. ദിവാകരൻ : കഴിഞ്ഞപ്രാവശ്യം തിരഞ്ഞെടുപ്പു നീട്ടിവച്ചതു പഞ്ചായത്തുരാജ് നിയമം പാസ്സാക്കത്തതുകൊണ്ടാണു്. ഇപ്പോഴും തെരഞ്ഞെടുപ്പു നടത്താമെന്നു വച്ചതു പഞ്ചായത്തു നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി : തെരഞ്ഞെടുപ്പിനുമുമ്പു് നിയമം പാസ്സാക്കണമെന്നാണു് ആദ്യമേ ഉദ്ദേശിച്ചിരുന്നതു്. ഇനി പാസ്സായില്ലെങ്കിലും തെരഞ്ഞെടുപ്പു നീട്ടി വയ്ക്കേണ്ടതില്ല എന്നാണു് ഗവണ്മെന്റു് തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ പി. എൻ. ചന്ദ്രസേനൻ : സർ, പഞ്ചായത്തുബിൽ കൂടി പാസ്സാക്കി അതിന്റെ അടിസ്ഥാനത്തിൽ പുതിയ ജില്ലകളും പഞ്ചായത്തുകളും രൂപം പ്രാപിച്ചിട്ടു് തെരഞ്ഞെടുപ്പു നടത്തുകയല്ലേ കൂടുതൽ നല്ലതു്.

ശ്രീ. കെ അവുക്കാദർകുട്ടിനഹാജി : പഞ്ചായത്തുരാജ് ബിൽ ഇത്രയുംകാലം ദീർഘിപ്പിച്ചുപോയതുകൊണ്ടു്, ഇപ്പോഴും അതിനൊരു ഉറപ്പു പറയുവാൻ സാധിക്കുകയില്ല. അതുകൊണ്ടു നിലവിലുള്ള പഞ്ചായത്തു നിയമപ്രകാരം സുഗമമായി തെരഞ്ഞെടുപ്പു നടത്താവുന്നതാണു്.

ശ്രീ. എ. വി. ആര്യൻ : പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തുന്നതിനുമുമ്പു് ഏതെങ്കിലും പഞ്ചായത്തു ട്രാൻഷിപ്പർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ കെ. അവുക്കാദർകുട്ടിനഹാജി : എന്റെ അറിവിൽ അങ്ങനെയൊരു നിർദ്ദേശമില്ല.

ശ്രീ. എം. എം. തോമസ് : കോഴിക്കോട്ടു ജില്ലയിൽ വണ്ണാപുരം എന്ന സ്ഥലത്തു ഒരു പുതിയ പഞ്ചായത്തു രൂപീകരിക്കണമെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ അവുക്കാദർകുട്ടിനഹാജി : അങ്ങനെ പല നിവേദനവും കിട്ടിയിട്ടുണ്ടു്. അവയെല്ലാം പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ് : ഉടുമ്പൻചോലയിൽ ഇരട്ടയാർ എന്ന സ്ഥലത്തു 30,000 ആളുകളിൽ കൂടുതൽ ഉള്ളതുകൊണ്ടു് അവിടം പഞ്ചായത്തായി മാറണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ ? എന്തു നടപടിയെടുത്തു ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി : ഇരട്ടയാർ ഒരു പഞ്ചായത്തായി മാറണമെന്നുള്ള നിവേദനം കിട്ടിയിട്ടുണ്ടു്. അതു പഞ്ചായത്താക്കുന്ന കാര്യം പരിഗണിച്ചു് വരികയാണു്.

ശ്രീ. എ. എസ് എൻ. നമ്പീശൻ : ചാലക്കുടി ഒരു മുനിസിപ്പാലിറ്റിയായി മാറ്റുവാനുള്ള നിർദ്ദേശം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി : മുനിസിപ്പാലിറ്റിയാക്കുവാനുള്ള നിർദ്ദേശം കിട്ടിയിട്ടുണ്ടു്. ട്രാൻഷിപ്പുക്കുന്നതിനെ സംബന്ധിച്ചാണു് ഞാൻ ഉത്തരം പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ് : തെരഞ്ഞെടുപ്പു സംബന്ധിച്ചു എല്ലാ ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ടോ ? കഴിഞ്ഞതവണത്തേക്കാൾ കൂടുതലായി എന്തെങ്കിലും ചെയ്യാനുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി : കഴിഞ്ഞതവണയും ഈ തവണയും തെരഞ്ഞെടുപ്പു സംബന്ധിച്ചു ചെയ്യാനുള്ള ഒരുക്കങ്ങളും എല്ലാം ഒന്നുതന്നെയാണു്. പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും തെരഞ്ഞെടുപ്പു പട്ടിക പൂർത്തിയാക്കുവാൻ ആവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടു്.

(b) Written Answers

പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസം

* 159. [583] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെകാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിലെ പല വൻകിടപദ്ധതികളും നടപ്പാക്കുന്നതിൽ വരുന്ന അമിതമായ കാലതാമസം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെന്താണു് കാരണം;

(സി) ഇപ്രകാരമുള്ള കാലതാമസം ഒഴിവാക്കുവാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) (എ) അമിതമായ കാലതാമസം ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല.

(ബി. സി) മൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എണ്ണ ലിഗ്നൈറ്റു് നിക്ഷേപങ്ങൾ

* 160. [592] ശ്രീ. ഇ അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എണ്ണ, ലിഗ്നൈറ്റു് നിക്ഷേപങ്ങളെപ്പറ്റി വല്ല ഗവേഷണവും നടത്തിയിട്ടുണ്ടോ:

(ബി) കണ്ണൂരിലെ ലിഗ്നൈറ്റു് നിക്ഷേപം കുഴിച്ചെടുക്കുന്നതിനു് ഗവണ്മെന്റിനു് വല്ല പരിപാടിയുമുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ) എണ്ണയുടെ സാന്നിദ്ധ്യം കേന്ദ്രഗവണ്മെന്റാണു് നടത്തേണ്ടതു്. ലിഗ്നൈറ്റു് നിക്ഷേപത്തെപ്പറ്റി സർവ്വേ നടത്താൻ ചില വിദഗ്ദ്ധന്മാരെ സമതലപ്പെടുത്തിയിട്ടുണ്ടു്:

(ബി) മുകളിൽപറഞ്ഞ സർവ്വേ പൂർത്തിയായതിനുശേഷമേ ഇതേപ്പറ്റി എന്തെങ്കിലും പറയാൻ സാദ്ധ്യമാകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly